# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4746 — 18-12-2014 -ൽ മറുപടിക്ക്

## ദുരന്തനിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബെന്നി ബെഹനാൻ<br>വർക്കല കഹാർ<br>തേറമ്പിൽ രാമകൃഷ്ണൻ<br>വി.ഡി സതീശൻ** | | **ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്ത നിവാരണ സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണകേന്ദ്രം (സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ) എന്ന പേരിൽ ദുരന്ത നിവാരണ സംവിധാനം നിലവിൽ പ്രവർത്തിച്ചു വരുന്നു. |
| ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) 24 മണിക്കൂറും സജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനം<br>(2) സംസ്ഥാനത്ത് പൊതുവായുണ്ടാകുന്ന ദുരന്തങ്ങളെ സമഗ്രമായി പഠനവിധേയമാക്കുക<br>(3) പ്രസ്തുത ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.<br>(4) സ്വയം നിയന്ത്രിത ദുരന്ത പ്രവചന ഉപകരണങ്ങളായ കാലാവസ്ഥാ ഉപകരണങ്ങൾ, ഡിസ്ചാർജ്ജ്ഗേജ്, ഭൂകമ്പമാപിനികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് പ്രകൃതി ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുക.<br>(5) ജില്ലാദുരന്തനിവാരണ അതോറിറ്റികൾക്ക് ആവശ്യമായ അടിയന്തിര നിർദ്ദേശങ്ങൾ യഥാസമയം നൽകുക വഴി കേന്ദ്രീകൃത ദുരന്ത നിവാരണ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുക |
| സി) | ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ; | സി) | റവന്യൂ-ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, അഗ്നിശമന സേനാ വിഭാഗം, കൃഷി-മൃഗസംരക്ഷണവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വനം വകുപ്പ്, ഫാക്ടറീസ് അന്റ് ബോയിലേഴ്സ് വകുപ്പ് എന്നിവ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അത്യാധുനിക സജ്ജീകരണങ്ങളുള്ള ഒരു ആസ്ഥാന മന്ദിരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കുവേണ്ടി നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ